**പതിനാലാം കേരള നിയമസഭ**

**പത്താം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2737 12-03-2018 ൽ മറുപടിക്ക്**

**പട്ടയവിതരണവും ഭൂമികൈമാറ്റ ചട്ടവും**

| ചോദ്യം | മറുപടി |
|---|---|
| ശ്രീമതി. ഇ.എസ്.ബിജിമോൾ<br>ശ്രീ.ഇ.കെ.വിജയൻ<br>ശ്രീ.വി.ആർ.സുനിൽ കുമാർ<br>ശ്രീ.എൽദോ എബ്രഹാം | ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് ഭൂമിയുടെ പട്ടയ വിതരണം സംബന്ധിച്ച നടപടി ക്രമങ്ങളുടെ പുരോഗതി അറിയിക്കുമോ; | (എ) എല്ലാ ജില്ലകളിലും ലാന്റ് അസൈൻമെന്റ് കമ്മിറ്റികൾ രൂപീകരിച്ചിട്ടുള്ളതും പതിവിനുള്ള അപേക്ഷകളിൽ ലാന്റ് അസൈൻമെന്റ് കമ്മിറ്റിയുടെ അംഗീകാരം ലഭിക്കുന്നവയിൽ പതിവ് റിക്കാർഡ്ഡു തയ്യാറാക്കുന്ന നടപടികളും പതിവ് റിക്കാർഡുകൾ തയ്യാറാക്കിയ കേസുകൾ പതിവ് ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികളും പുരോഗമിച്ചു വരുന്നു. ഭൂമി പതിവായി ബന്ധപ്പെട്ട് ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നാളിതുവരെ പത്ത് ജില്ലകളിലായി 21 പട്ടയമേളകൾ നടത്തിയിട്ടുള്ളതും പട്ടയമേള സംഘടിപ്പിക്കാനുള്ള ജില്ലകളിൽ (തിരുവനന്തപുരം, പത്തനംതിട്ട, ആലപ്പുഴ, മലപ്പുറം) അതിനുള്ള നടപടികൾ പുരോഗമിച്ചും വരുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നാളിതുവരെ 54859 പട്ടയങ്ങൾ വിതരണം ചെയ്തിട്ടുണ്ട്. നിയമപരമായി തടസമില്ലാത്ത അപേക്ഷകളിൽ എല്ലാം സമയബന്ധിതമായി പട്ടയവിതരണം നടത്തുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. |
| (ബി) 1964-ലെ കേരള ഭൂമി പതിവ് ചട്ടങ്ങളിൽ ഭേദഗതി വരുത്തിയതിലൂടെ കാലാകാലങ്ങളായി പരിഹാരമാകാതെ കിടന്ന ഏതൊക്കെ ഭൂപ്രശ്നങ്ങൾക്കാണ് പരിഹാരം കണ്ടെത്തിയതെന്ന് വ്യക്തമാക്കുമോ; | (ബി) 17.08.2017-ലെ ജി.ഒ (പി) നം.60/2017/ആർ.ഡി ഉത്തരവ് പ്രകാരം കൈവശമുള്ള ഭൂമി പതിച്ചു കിട്ടുന്നതിന് മുൻഗണന നൽകുന്നതിന് ഉണ്ടായിരുന്ന വരുമാനപരിധി ഒഴിവാക്കിയിട്ടുണ്ട്. ടി ഭേദഗതിയ്ക്ക് മുമ്പ് അപേക്ഷകന്റെ വരുമാന പരിധി കവിയുന്ന കേസുകളിൽ താലൂക്ക്/ജില്ലാതലത്തിൽ നടപടി സ്വീകരിക്കുവാൻ സാധിച്ചിരുന്നില്ല. ടി ഭേദഗതി വന്നത് മൂലം ഇത്തരം കേസുകളിൽ താലൂക്ക്/ജില്ലാതലത്തിൽ തന്നെ നടപടി സ്വീകരിക്കാൻ കഴിയുന്നതാണ്. |

കൈവശത്തിൽ ഇല്ലാത്ത പതിച്ച് കിട്ടുന്ന ഭൂമി കൈമാറ്റം ചെയ്യുന്നതിനുള്ള കാലപരിധി 25 വർഷത്തിൽ നിന്നും 12 വർഷമായി കുറച്ചിട്ടുണ്ട്. പട്ടയം ലഭിച്ച ഭൂമിയുടെ കൈമാറ്റം സംബന്ധിച്ച് വരുത്തിയിട്ടുള്ള ഇളവ് പൊതു ജനങ്ങൾക്ക് ആശ്വാസകരമാണ്.

പതിച്ചു കിട്ടയ ഭൂമി ഭവന നിർമ്മാണം, കൃഷി, ഭൂവികസനം എന്നീ ആവശ്യങ്ങൾക്കായി ഗവൺമെന്റിനോ, ധനകാര്യ സ്ഥാപനങ്ങൾക്കോ, റബർ ബോർഡിനോ, ജാമ്യമെന്ന രീതിയിൽ പട്ടാദാർക്ക് പണയപ്പെടുത്തുന്നതിനുള്ള അവകാശം ഭേദഗതിയിലൂടെ ഉത്തരവായിട്ടുണ്ട്.

| | |
|---|---|
| (സി) കൈവശത്തിലില്ലാത്ത ഭൂമി പതിച്ചുകിട്ടുന്ന സംഗതിയിൽ ഭൂമി കൈമാറ്റത്തിനുള്ള കാലപരിധി കുറച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | (സി) കൈവശമില്ലാത്ത ഭൂമി പതിച്ചു കിട്ടുന്ന സംഗതിയിൽ ഭൂമി കൈമാറ്റത്തിനുള്ള കാലപരിധി 25 വർഷത്തിൽ നിന്നും 12 വർഷമായി കുറച്ച് ജി.ഒ (പി) 60/17/റവ തീയതി 17.8.2017 പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |
| ഡി) പെരിഞ്ചാംകുട്ടിയിലെ ദീർഘകാല ഭൂപ്രശ്നത്തിന് പരിഹാരം കാണാൻ സാധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ? | (ഡി) പെരിഞ്ചാംകുട്ടിയിലെ ഉപേക്ഷിക്കപ്പെട്ട പദ്ധതി പ്രദേശത്ത് പട്ടയം നൽകുന്നത് സംബന്ധിച്ച് ദീർഘകാലമായി നിലനിന്ന ഭൂപ്രശ്നങ്ങൾക്ക് പരിഹാരമായിട്ടുണ്ട്. അർഹരായ ആളുകൾക്ക് പട്ടയം നൽകി വരുന്നു. 17.02.2018-ൽ ഇടുക്കി ജില്ലയിൽ നടന്ന പട്ടയമേളകളിൽ ഉപേക്ഷിക്കപ്പെട്ട പദ്ധതി പ്രദേശത്ത് 2224 പട്ടയങ്ങൾ നൽകിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**